# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2324 — 19/07/2016 -ൽ മറുപടിയ്ക്ക്

# കൊയിലാണ്ടി മണ്ഡലത്തിലെ നിറവ് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) കാർഷിക മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

എ) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷി വ്യാപിപ്പിക്കൽ, ജൈവ കൃഷി, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യം വച്ച് 2016-17 സാമ്പത്തിക വർഷം വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നു.

നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിച്ചും, കരനെൽകൃഷി വ്യാപിപ്പിച്ചും, തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിപ്പിക്കുകയും, ഒരുപ്പൂകൃഷി ഇരുപ്പൂ-കൃഷിയാക്കിയും, പച്ചക്കറി കൃഷി പുതിയതായി 50,000 ഹെക്ടറിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടുമുള്ള ലക്ഷ്യമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

നെൽ കൃഷി വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, വിള ആരോഗ്യ പരിപാലന പദ്ധതി, മണ്ണിന്റെ ആരോഗ്യ പരിപാലന പദ്ധതി, ഹൈടെക് കൃഷി പദ്ധതി, ജൈവ കൃഷി വികസന പദ്ധതി, കുട്ടനാട്, ഇടുക്കി, വയനാട്, തുടങ്ങിയ പ്രത്യേക പ്രദേശങ്ങൾക്ക് പാക്കേജ് പദ്ധതി, തൃശ്ശൂർ, പൊന്നാനി കോൾ വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേനകൾ എന്നിവയുടെ സഹായത്തോടെ കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ, കാർഷിക വിജ്ഞാന വ്യാപന പദ്ധതി, കാർഷിക വിപണികളുടെ

| | | | |
|---|---|---|---|
| | | | വികസനം, വിപണിയിടപെടൽ, വിലസ്ഥിരത ഉറപ്പുവരുത്തൽ, മൂല്യവർദ്ധന പദ്ധതി, കേന്ദ്ര / സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതി, കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പദ്ധതി, 60 വയസ്സ് പൂർത്തിയാക്കിയ എല്ലാ കർഷകർക്കും വേണ്ടിയുള്ള കർഷക പെൻഷൻ പദ്ധതി. |
| ബി) | "നിറവ്" പദ്ധതിയിലുൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ? | ബി) | "നിറവ്" പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ സർക്കാരിലേയ്ക്ക് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**